# കോൺസുലർ കാര്യങ്ങൾ സംബന്ധിച്ച ഇന്ത്യ-യുഎഇ സംയുക്ത സമിതിയുടെ അഞ്ചാമത് യോഗം

മേയ് 15, 2024

കോൺസുലർ കാര്യങ്ങൾ സംബന്ധിച്ച സംയുക്ത സമിതിയുടെ (JCCA) അഞ്ചാമത് യോഗം 2024 മേയ് 14-ന് ന്യൂഡൽഹിയിൽ നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത് വിദേശകാര്യ മന്ത്രാലയ സെക്രട്ടറി (CPV & OIA) ശ്രീ മുക്തേഷ് പർദേശിയാണ്. യുഎഇ പ്രതിനിധി സംഘത്തെ യുഎഇ വിദേശകാര്യ മന്ത്രാലയത്തിലെ സ്ഥിരം സെക്രട്ടറി ശ്രീ. ഖാലിദ് ബെൽഹൂൾ നയിച്ചു.

2. ഇന്ത്യയും യുഎഇയും ഊഷ്മളവും ബഹുമുഖവുമായ ആഴത്തിലുള്ള സൗഹൃദ ബന്ധം കാത്തുസൂക്ഷിക്കുന്ന രാജ്യങ്ങളാണ്. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം 2017-ൽ സമഗ്രമായ തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് ഉയർന്നു. രാഷ്ട്രീയം, സാമ്പത്തികം, വ്യാപാരം, വാണിജ്യം, പ്രതിരോധം, സാംസ്കാരികം, സാങ്കേതികവിദ്യ, ഊർജ്ജം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങി എല്ലാ മേഖലകളും ഇതിൽ ഉൾപ്പെടുന്നു. നിലവിൽ 3.5 ദശലക്ഷത്തിലധികം ഇന്ത്യൻ പൗരന്മാരാണ് യുഎഇയിൽ ഉള്ളത്, ഏറ്റവും വലിയ പ്രവാസി സമൂഹമാണിത്.

3. തൊഴിൽ, വിസ, കുടിയേറ്റം, പൗരത്വം, കുറ്റവാളികളുടെ കൈമാറ്റം എന്നിവ ഉൾപ്പെടെയുള്ള കോൺസുലർ വിഷയങ്ങളിൽ ഏകോപനവും സഹകരണവും ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഇരുകൂട്ടരും വിപുലമായ ചർച്ചകൾ നടത്തി. യുഎഇയിലെ ഇന്ത്യൻ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ച വിവിധ നടപടികളെക്കുറിച്ച് യുഎഇ വിഭാഗം വിശദീകരിച്ചു. പൗര കേന്ദ്രീകൃത കോൺസുലാർ സംവിധാനങ്ങൾക്കായി തുടർന്നും പ്രവർത്തിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരുപക്ഷവും ആവർത്തിച്ചു വ്യക്തമാക്കി.

4. ജനങ്ങൾ തമ്മിലുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനായി വിസ സൗകര്യം, കുടിയേറ്റവും മൊബിലിറ്റിയുമായി ബന്ധപ്പെട്ട ഉടമ്പടികൾ എത്രയും വേഗം നടപ്പാക്കൽ എന്നിവ ഉൾപ്പെടെ ഇരു വിഭാഗത്തിനും താൽപ്പര്യമുള്ള വിഷയങ്ങളും ചർച്ച ചെയ്തു. ഇരു രാജ്യങ്ങളിലെയും പൗരന്മാരുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകളുടെ പതിവ്

കൈമാറ്റവും കോൺസുലാർ കാര്യങ്ങളിലുള്ള മികച്ച സമ്പ്രദായങ്ങളും യോഗത്തിന്റെ ഫലങ്ങളിൽ ഉൾപ്പെടുന്നു.

5. ഇരു വിഭാഗവും സമ്മതിച്ച യോഗ തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കാനും ഇരു വിഭാഗത്തിനും സൗകര്യപ്രദമായ തീയതിയിൽ അബുദാബിയിൽ നടക്കുന്ന അടുത്ത കോൺസുലാർ ഡയലോഗിൽ അവലോകനം ചെയ്യാനും ഇരുകൂട്ടരും സമ്മതിച്ചു.

**ന്യൂഡൽഹി**
**മേയ് 15, 2024**